മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണ ബാങ്കിന്റെ തെങ്കര ശാഖയുടെ ഉദ്ഘാടനത്തിനുവേണ്ടി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

1,18,010 രൂപയാണ് പ്രസ്തുത ശാഖയുടെ ഉദ്ഘാടനത്തിനുവേണ്ടി ചെലവഴിച്ചിട്ടുള്ളത്. ഇതിൽ പത്രപരസ്യത്തിൽ മറ്റ് സംഘങ്ങളുടെ 'കോംപ്ലിമെന്റ്' പരസ്യ ഇനത്തിൽ 58,000 രൂപ വരവ് വന്നത് കഴിച്ച് ബാക്കി 60,010 രൂപ ആകെ ചെലവായിട്ടുണ്ട്.

കരവാരം പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് ഭരണസമിതി അംഗങ്ങളിൽനിന്നും ഈടാക്കേണ്ട തുക

86*[1411] *ശ്രീ. ഇ. എം. അഗസ്തി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരവാരം പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് ടി. 324-ലെ ഭരണ സമിതി അംഗങ്ങൾക്ക് എതിരെ ബഹു. കേരള ലോകായുക്ത കോടതിയിലെ 234/2000 നമ്പർ പരാതിയിൻമേൽ പുറപ്പെടുവിച്ച ഉത്തരവ് എന്താണ്;

(ബി) ആയതിന് എന്തെല്ലാം തുടർ നടപടികൾ പൂർത്തീകരിച്ചു;

(സി) കോടതി വിധിപ്രകാരമുള്ള തുക അംഗങ്ങളിൽനിന്നും ഈടാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ;

(ഡി) സഹകരണ സംഘം രജിസ്ട്രാറുടെ 23-5-2003-ലെ 324/2003 നമ്പർ പ്രകാരമുള്ള ഉത്തരവ് പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് പറയാമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട കേരള ലോകായുക്തയിൽ ഫയൽ ചെയ്തിരുന്ന 234/2000 പരാതിയിൻമേൽ ലോകായുക്ത 11-10-2002-ൽ പുറപ്പെടുവിച്ച ഉത്തരവിൽ പരാതിയിലെ ആരോപണം സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാറോ, രജിസ്ട്രാർ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ 1969-ലെ കേരള സഹകരണ നിയമം 65-ഉം 68-ഉം വകുപ്പുകൾ പ്രകാരം അന്വേഷണം നടത്തി 6 മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കി. ആയതിൻമേൽ ഒരു മാസത്തിനകം നടപടി സ്വീകരിച്ച് ലോകായുക്തയിൽ റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നു.

(ബി) ലോകായുക്തയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബാങ്കിൽ കേരളാ സഹകരണ നിയമം 65-ാം വകുപ്പ് പ്രകാരം അന്വേഷണം നടത്തുന്നതിന് ചുമതല

LIBRARY ARCHIVES Kerala Legislative Assembly

പ്പെടുത്തുകയും അന്വേഷണം നടത്തി അന്വേഷണ ഉദ്യോഗസ്ഥൻ 7-6-2003-ൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ടി റിപ്പോർട്ട് പരിശോധിച്ചതിൽ ബാങ്കിന്റെ മുൻഭരണസമിതി അംഗങ്ങൾ സഹകരണ നിയമങ്ങൾക്കും ചട്ടങ്ങൾക്കും സംഘം ബൈലാ വ്യവസ്ഥകൾക്കും സഹകരണസംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി പ്രവർത്തിച്ച് സംഘം ഫണ്ട് ദുർവിനിയോഗം നടത്തി സംഘത്തിന് നഷ്ടം വരുത്തിയിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംഘത്തിന് എത്രത്തോളം നഷ്ടമുണ്ടായിട്ടുണ്ടെന്ന് തിട്ടപ്പെടുത്തുന്നതിനും ആയതിന് ആരൊക്കെയാണ് ഉത്തരവാദികൾ എന്ന് കണ്ടെത്തുന്നതിനുമായി സംഘത്തിൽ സഹകരണ നിയമം വകുപ്പ് 68(1) പ്രകാരം അന്വേഷണം നടത്തുന്നതിന് അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയും ടിയാൻ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചതിൽ സംഘം മുൻഭരണസമിതി അംഗങ്ങൾ സംഘത്തിന്റെ ജനറൽ ഫണ്ടിൽ നിന്നും 5,07,965 രൂപ ചെലവഴിച്ച് മൂന്നര സെന്റ് സ്ഥലവും അതിലുള്ള പഴയകെട്ടിടവും സഹകരണ സംഘം രജിസ്ട്രാറുടെ മുൻ അനുമതി കൂടാതെ വാങ്ങിയതായി ബോദ്ധ്യപ്പെട്ടു. പ്രസ്തുത നടപടി സഹകരണ നിയമം ചട്ടം 54 (1) സഹകരണ സംഘം രജിസ്ട്രാറുടെ 35/83, 25/85 എന്നീ സർക്കുലർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ നടപടിയായതിനാലും ഇതുമൂലം 7-6-2003 വരെ ബാങ്കിന് 8,19,517 രൂപ (5,07,965 രൂപ വസ്തുവിന്റെ വിലയും 3,11,552 രൂപ പലിശയും) നഷ്ടം വരുത്തിയിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബാങ്കിന് നഷ്ടം വന്ന തുക ബന്ധപ്പെട്ടവരിൽനിന്നും ഈടാക്കിയെടുക്കുന്നതിന് സഹകരണനിയമം 68(2) പ്രകാരം നടപടി സ്വീകരിക്കാതിരിക്കുന്നതിന് കാരണം ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് 15 ദിവസത്തിനകം അറിയിക്കുവാൻ 30-4-2004-ന് നോട്ടീസ് നല്കിയിരുന്നു. എന്നാൽ പ്രസ്തുത നോട്ടീസിനെതിരെ സംഘം മുൻഭരണ സമിതിയംഗങ്ങൾ സർക്കാരിൽ അപ്പീൽ പെറ്റീഷൻ ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒ. പി. ഫയൽ ചെയ്യുകയും ചെയ്തിരുന്നു. പ്രസ്തുത ഒ. പി. സർക്കാരിൽ ഫയൽ ചെയ്തിട്ടുള്ള അപ്പീൽ പെറ്റീഷൻ തീർപ്പ് കല്പിക്കുന്നതിന് സർക്കാരിനോട് നിർദ്ദേശിച്ചുകൊണ്ട് തീർപ്പു കൽപിച്ചു. സഹകരണ സംഘം രജിസ്ട്രാറുടെ നടപടി ശരിവച്ചുകൊണ്ട് പ്രസ്തുത അപ്പീൽ സ.ഉ.(സ)414/04/സഹ. പ്രകാരം തീർപ്പു കൽപ്പിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ 30-4-2004-ലെ നോട്ടീസ് പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതിനെതിരെ മുൻഭരണസമിതി അംഗങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷന് മേൽ ഡബ്ല്യു.പി. (സി) 22955/04-ൽ രജിസ്ട്രാറുടെ ഉത്തരവ് സ്റ്റേ ആയതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതുകൊണ്ട് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

(ഡി) ഇപ്രകാരം ഒരു ഉത്തരവ് സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly